**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4442** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) | എല്ലാ പട്ടികവർഗ്ഗ കോളനികളിലും കണക്ടിവിറ്റി ഉറപ്പാക്കുന്നതിനായി ഐ.റ്റി. വകുപ്പിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഐ.റ്റി. വകുപ്പിന്റെ വിഹിതത്തിനു പുറമേ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടും വിനിയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഇതു സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ കോളനികളിലും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| (ബി) | എത്ര കോളനികളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയെത്ര കോളനികളിൽ ആയത് പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ 242 കോളനികളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 194 കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ